www.img.kerala.gov.in
e-mail:imgtvpm@gmail.com
ടെലിഫോൺ: 0471 - 2304229
ഫാക്സ്: 0471-2302391

# ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറ് ഇൻ ഗവൺമെൻറ്

(കേരള സർക്കാരിന്റെ സ്വയംഭരണ സ്ഥാപനം)

വികാസ് ഭവൻ പി.ഓ
തിരുവനന്തപുരം - 695 033

നംപർ. 419/ പി2/2018/ഐ.എം.ജി. 9.9.2018

എക്സിക്യൂട്ടീവ് എൻജിനീയർ
ജലസേചന വകുപ്പ് (പ്ലാനിംഗ്)
പബ്ളിക് ഓഫീസ് ബിൽഡിംഗ്
തിരുവനന്തപുരം

സർ,

വിഷയം: ഐ.എം.ജി. - പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന സർക്കാർ ഉദ്യോഗസ്ഥർക്ക് ഡിപ്പാർട്ടുമെൻറൽ ടെസ്റ്റിനു വേണ്ടിയുള്ള പ്രത്യേക പരിശീലനം- നാമനിർദ്ദേശം സംബന്ധിച്ച് -

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെടുന്ന സർക്കാർ ഉദ്യോഗസ്ഥരെ ഡിപ്പാർട്ടുമെൻറൽ ടെസ്റ്റിന് പ്രാപ്തരാക്കുന്നതിനു വേണ്ടിയുള്ള പ്രത്യേക പരിശീലനം ഐ.എം.ജി.യുടെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് കേന്ദ്രങ്ങളിൽ വച്ച് **2018 നവംബർ 21 മുതൽ ഡിസംബർ 15** വരെ നടത്തുന്നതാണ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകളിലുള്ളവർ തിരുവനന്തപുരം ഐ.എം.ജി.യിലും ആലപ്പുഴ, എറണാകുളം, ഇടുക്കി, കോട്ടയം, തൃശ്ശൂർ എന്നീ ജില്ലകളിലുള്ളവർ കൊച്ചി ഐ.എം.ജി.യിലും, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട്, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിലുള്ളവർ കോഴിക്കോട് ഐ.എം.ജി.യിലുമാണ് പരിശീലനത്തിൽ പങ്കെടുക്കേണ്ടത്. പരിശീലന കേന്ദ്രം മാറ്റി നൽകുന്നതല്ല. അടുത്ത ഡിപ്പാർട്ടുമെൻറൽ ടെസ്റ്റിനു വേണ്ടി പി.എസ്.സി.യിൽ അപേക്ഷ സമർപ്പിക്കുന്ന ക്ലാസ് 2, ക്ലാസ് 3 വിഭാഗത്തിലുള്ള ഉദ്യോഗസ്ഥരെ മാത്രമെ പരിശീലനത്തിൽ ഉൾപ്പെടുത്തുകയുള്ളൂ. ഈ അറിയിപ്പ് താങ്കളുടെ വകുപ്പിലെ അർഹരായ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെടുന്ന എല്ലാ ഉദ്യോഗസ്ഥർക്കും നൽകുന്നതിനുള്ള നടപടി കൈക്കൊള്ളണമെന്നും, ഡിപ്പാർട്ടുമെൻറൽ പരീക്ഷയിൽ **എല്ലാ പേപ്പറുകളും എഴുതേണ്ടവരായ ഉദ്യോഗസ്ഥരെ പരിശീലന പരിപാടിയിലേയ്ക്ക് നാമ നിർദ്ദേശം ചെയ്യണമെന്നും അഭ്യർത്ഥിക്കുന്നു.** ***മുൻപ് ഈ പരിശീലനം ലഭിച്ചവരെയും ഏതെങ്കിലും പ്രത്യേക വിഷയങ്ങൾ മാത്രം എഴുതുന്നവരെയും വീണ്ടും നാമനിർദ്ദേശം ചെയ്യേണ്ടതില്ല.*** **അപേക്ഷയോടൊപ്പം മുൻപ് ഈ പരിശീലന പരിപാടിയിൽ പങ്കെടുത്തിട്ടില്ല എന്നും ഡിപ്പാർട്ടുമെൻറൽ പരീക്ഷ ഭാഗികമായി വിജയിച്ചിട്ടില്ല എന്നും പരിശീലന കാലാവധി മുഴുവനും പരിശീലനത്തിൽ പങ്കെടുത്തുകൊള്ളാമെന്നുമുള്ള ഒരു സാക്ഷ്യപത്രം ഉള്ളടക്കം ചെയ്യേണ്ടതാണ്.**

.....2

നാമനിർദ്ദേശം താഴെ പറയുന്ന മേൽവിലാസങ്ങളിൽ അയക്കേണ്ടതാണ്.

| | |
|---|---|
| ഐ.എം.ജി. തിരുവനന്തപുരം | ഡയറക്ടർ<br>ഐ.എം.ജി. വികാസ് ഭവൻ പി.ഒ<br>തിരുവനന്തപുരം - 695 033 |
| ഐ.എം.ജി. കൊച്ചി | റീജിയണൽ ഡയറക്ടർ<br>ഐ.എം.ജി. പ്രാദേശിക കേന്ദ്രം കാക്കനാട്,<br>കൊച്ചി - 682 030 |
| ഐ.എം.ജി. കോഴിക്കോട് | റീജിയണൽ ഡയറക്ടർ<br>ഐ.എം.ജി. പ്രാദേശിക കേന്ദ്രം<br>മെഡിക്കൽ കോളേജ് കാമ്പസ്<br>കോഴിക്കോട്- 673 008 |

പരിശീലനത്തിന് നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥരുടെ ഓദ്യോഗിക മേൽ വിലാസവും, ഫോൺ നമ്പരും നാമനിർദ്ദേശത്തോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

**കൂടുതൽ വിവരങ്ങൾക്ക് ശ്രീ.കെ.കെ.രാജഗോപാലൻ നായർ, അസോസിയേറ്റ് ഫെല്ലോ & കോഴ്സ് ഡയറക്ടർ (ഫോൺ 9447697803), സെക്ഷൻ ഓഫീസർ, പരിശീലന വിഭാഗം (ഫോൺ - 0471 - 2304229 എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.**

**പ്രത്യേക ശ്രദ്ധയ്ക്ക് :**

1. നാമനിർദ്ദേശം **15.10.2018** ന് മുൻപ് ഐ.എം.ജി.യുടെ ബന്ധപ്പെട്ട ഓഫീസുകളിൽ ലഭിച്ചിരിക്കേണ്ടതാണ്.

2. **പേര് നിർദ്ദേശിക്കപ്പെടുന്നവരെ പരിശീലനത്തിന് തെരഞ്ഞെടുത്തതായി ഐ.എം.ജി.യിൽ നിന്നും അറിയിപ്പ് ലഭിച്ചതിനുശേഷം മാത്രമേ വിടുതൽ ചെയ്യേണ്ടതുള്ളൂ.**

വിശ്വസ്തതയോടെ,
ഒപ്പ്
സെക്രട്ടറി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

Endt. on No. PL6(B)28874/2016 Dated 29/08/2018

Copy of letter forwarded to all CE's and SE's requesting to furnish names of suitable officers to this office urgently. (irrigationplanning@gmail.com)

for CHIEF ENGINEER